## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1194 12.07.2016-ലെ മറുപടിയ്ക്ക്

## നഗര ഗതാഗത കോർപ്പറേഷൻ

**ചോദ്യം**

ശ്രീ. കെ.വി.അബ്ദുൾ ഖാദർ
" എം. സ്വരാജ്
" കെ. ആൻസലൻ
" കാരാട്ട് റസാഖ്

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നഗര ഗതാഗത കോർപ്പറേഷന്റെ (കെ.യു.ആർ.ടി.സി) പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. കെ.യു.ആർ.ടി.സിയുടെ പ്രവർത്തനം കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ കൃത്യമായ കാലയളവിൽ കൂടുന്ന ഡയറക്ടർ ബോർഡ് യോഗങ്ങളിലും പ്രവർത്തനം വിശദമായി അവലോകനം ചെയ്യാറുണ്ട്.<br>2013 മാർച്ചിൽ നടത്തിയ അവലോകന പ്രകാരം 2012-13-ൽ ഓപ്പറേറ്റിംഗ് വരുമാനവും നോൺ ഓപ്പറേറ്റിംഗ് വരുമാനവും കൂടി മൊത്തം 94,49,48,920 രൂപ ലഭിച്ചതിൽ 93,90,06,654 രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത വർഷം 59,42,266 രൂപ ലാഭം കാണിക്കുന്നു.<br>2014 മാർച്ചിൽ നടത്തിയ അവലോകനപ്രകാരം 2013-14-ൽ ഓപ്പറേറ്റിംഗ് വരുമാനവും നോൺ ഓപ്പറേറ്റിംഗ് വരുമാനവും കൂടി മൊത്തം 1,01,65,19,936 രൂപ ലഭിച്ചതിൽ 1,12,84,47,595 രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത വർഷം 11,19,27,659 രൂപ നഷ്ടം കാണിക്കുന്നു. |
| (ബി) | കെ.യു.ആർ.ടി.സി ബസ്സുകളിലെ സീറ്റുകൾ ദീർഘദൂര സർവ്വീസുകൾക്ക് അനുയോജ്യമല്ലയെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി സൂപ്പർ ഫാസ്റ്റ് ബസ്സിൽ •ഈടാക്കുന്നതിലും കൂടുതൽ ചാർജ്ജ് ഈടാക്കുന്നുണ്ടെങ്കിലും സൂപ്പർ ഫാസ്റ്റിൽ കിട്ടുന്ന ഇരിപ്പിട സൗകര്യം പോലും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി സൂപ്പർ ഫാസ്റ്റ് ബസുകൾ നോൺ എ.സി സർവ്വീസുകളാണ്. എന്നാൽ കെ.യു.ആർ.ടി.സി എ.സി ബസുകൾ ഉപയോഗിച്ചാണ് ദീർഘദൂര സർവ്വീസുകൾ നടത്തുന്നത്.<br>കെ.യു.ആർ.ടി.സി, എ.സി ബസുകളിൽ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് അർബൻ ഡവലപ്പ്മെന്റ് (MoUD) അംഗീകരിച്ച് അർബൺ ബസ് സ്പെസിഫിക്കേഷൻ (UBS2) പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായ സീറ്റുകളാണ് ക്രമീകരിച്ചിരിക്കുന്നത്. |
| (ഡി) | കെ.യു.ആർ.ടി.സി ബസ്സുകൾ ദീർഘദൂര യാത്രകൾക്ക് പകരം ടൗൺ ടു ടൗൺ ചെയിൻ സർവ്വീസുകൾ നടത്തി സേവനപരമായും സാമ്പത്തികമായും നില മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് ബസുകൾ അനുവദിച്ചിരിക്കുന്നത്. ജൻറം ഒന്നാം ഘട്ടം എറണാകുളം, തിരുവനന്തപുരം നഗരങ്ങളിലും രണ്ടാം ഘട്ടം വിവിധ ജില്ലകളെ അഞ്ച് ക്ലസ്റ്ററുകളായി തിരിച്ച് അവിടങ്ങളിലുമാണ് സർവ്വീസ് നടത്തുന്നതിന് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ